# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ:  dokkd.ksad@kerala.gov.in

ഫോൺ :  0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി9/546/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി9/546/2021 തീയ്യതി: 25/03/2021

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2020 മുതൽ 16-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-03-2021 | 23-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-03-2021 | 23-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. കരുണാകരൻ. എം, ഓഡിറ്റ് ഓഫീസർ
ശ്രീ. മോഹൻ കുരുന്നം മനക്കൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുരേഷ് കുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ സി. എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. ബിജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. വിനോദ് കുമാർ. ടി. എം | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുജീബ്. പി. പി | അസി. സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീ. സതീഷ് ചന്ദ്രൻ. ആർ | അസി. സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീമതി. അഥീന. എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആര്യ. ആർ | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. മുഹമ്മദ് കമറുദ്ദീൻ | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | 03-04-2019 | 31-03-2020 |
| ഡോ. സീന. ബി. മഠത്തിൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 02-08-2019 |
| ഡോ. ഷംസുദ്ദീൻ. കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 03-08-2019 | 31-03-2020 |
| ഡോ. സിബി രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. നിമ്മി. എം. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. രാജൻ. എൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ. റസീന മന്നത്ത് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. വിശ്വൻ ഉന്തുമ്മൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചെറുവണ്ണൂർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ശ്രീമതി. നൈന. വി. പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-9 |
| 12 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-10 |
| 13 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-11 |
| 14 | നിരപ്പം സ്റ്റേഡിയം സ്ഥലം ഏറ്റെടുക്കൽ.-തുക അടവാക്കാൻ വൈകുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-12 |
| 15 | സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-13 |

| | | |
|---|---|---|
| 16 | പൊതുടാപ്പുകളുടെ വെള്ളക്കരമൊഴിവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയില്ല.<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-14 |
| 17 | കൃത്യത ഇല്ലാതെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നു<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-15 |
| 18 | വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, വായനശാലകൾ എന്നിവക്കുള്ള പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും തുക ചെലവഴിക്കുന്നത് സംബന്ധിച്ച്.<br>Written By: M.Karunakaran (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-16 |
| 19 | പാലിയേറ്റീവ് പരിചരണം- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല<br>Written By: C.V.Indukala (Senior Grade Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-17 |
| 20 | മൃഗസംരക്ഷണം, ക്ഷീര വികസനം - പഞ്ചായത്തിലെ സാധ്യത പരിഗണിച്ച് കൂടുതൽ പ്രൊജക്ടുകൾ ആവശ്യം<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-18 |
| 21 | കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-19 |
| 22 | എസ്.എസ്.എ പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-20 |
| 23 | എസ്.എസ്.എ പദ്ധതി - പട്ടികജാതി ഉപപദ്ധതി- പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി എസ്.സി.പി ഫണ്ട് വകയിരുത്തി എന്നതിന് വ്യക്തതയില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-21 |
| 24 | സ്റ്റോക്ക് രജിസ്റ്റർ - കേരള ഫിനാൻഷ്യൽ കോഡ് വ്യവസ്ഥകൾക്ക് വിരുദ്ധമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നു<br>Written By: Mohan Kurunnam Manakkal (Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-22 |
| 25 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-23 |
| 26 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ചെലവഴിച്ചു :<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-24 |
| 27 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ | 1-25 |

| | | |
|---|---|---|
| | അപാകതകൾ<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | |
| 28 | വീട് റിപ്പയർ-എസ്.സി.പി-മുഴുവൻ രേഖകളും ഹാജരാക്കിയില്ല<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-25-1 |
| 29 | ലൈഫ് ഭവനപദ്ധതി-അഡ്വാൻസ് കൈപ്പറ്റി വീട് നിർമ്മാണം ആരംഭിച്ചില്ല.<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-25-2 |
| 30 | ഫയലുകൾ ഹാജരാക്കിയില്ല.<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-25-3 |
| 31 | കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-26 |
| 32 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-27 |
| 33 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-28 |
| 34 | ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റു ചെയ്തതിന്റെ വിവരം ലഭ്യമല്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-29 |
| 35 | സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-30 |
| 36 | റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-31 |
| 37 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-32 |
| 38 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyna A.K (Asst. Audit Officer, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasir C M (Auditor, On 23-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 21-03-2021)<br>Last Updated By: Vasudevan M (Deputy Director, On 25-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 8.2.19 ൽ കൂടിയ ഭരണസമിതിയുടെ 1(1)/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 11.3.2020ലെ 1 (1)/20നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് കളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 26.3.2020 ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് റിവൈസ് ചെയ്യുകയും ആയത് 11.3.2020 ൽ ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിവൈസ് ചെയ്ത ബജറ്റിന്റെ പൂർണ്ണ രൂപം പരിശോധനക്ക് ലഭ്യമായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സിൽ രേഖപ്പെടുത്തിയ റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയും പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവ് നീക്കിയിരിപ്പും തമ്മിലും ഭീമമായ അന്തരം കാണുന്നു. പരിഷ്കരിച്ച ബജറ്റ് പ്രകാരം സാമ്പത്തിക വർഷത്തെ വരവ് 297002593 രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 62837540/- രൂപ മാത്രമാണ് അതെപോലെ തന്നെ ചെലവ് പരിഷ്കരിച്ച ബജറ്റ് പ്രകാരം 294942510/- രൂപയും യഥാർത്ഥ ചെലവു 57955398/- രൂപയുമാണ്. ഇതെപോലെ തന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി വൻ അന്തരമുണ്ട്. അതേപോലെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി, നികുതിയേതര വരുമാനവും യഥാർത്ഥ നികുതി, നികുതിയേതര വരുമാനവും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം | യഥാർത്ഥ വരുമാനം | വ്യത്യാസം |
|---|---|---|---|
| നികുതി വരുമാനം | 4350000 | 2987706 | 1362294 |
| നികുതിയേതര വരുമാനം | 628000 | 503360 | 124640 |

ഇതേപോലെ 2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കിയപ്പോഴും സ്ഥാപനത്തിന്റെ യഥാർത്ഥ നികുതി, നികുതിയേതര വരുമാനവുമായി യാതൊരു ബന്ധവുമില്ലാത്ത തുകകളാണ് പ്രതീക്ഷിത നികുതി, നികുതിയേതര വരുമാനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം 579573/- രൂപയുള്ളപ്പോൾ 2020-21 ലേക്ക് ഈ ഇനത്തിലുള്ള പ്രതീക്ഷിത വരുമാനമായി 2165000/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുമ്പോഴും ആയത് റിവൈസ് ചെയ്യുമ്പോഴും ആയത് യാഥാർത്ഥ്യ ബോധ്യത്തോടുകൂടി തയ്യാറാക്കി അംഗീകാരം വാങ്ങാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 23.05.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടി.എസ്.ബി അക്കൗണ്ട് (നം. 716061400000002) നീക്കിയിരിപ്പ് 2230362/- വാർഷിക കണക്കിൽ 2229112/- രൂപ. വ്യത്യാസം 1250/- രൂപ.

2. ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 12195664/ രൂപയാണ്. വാർഷിക കണക്കിൽ 12260494/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം 64830/- രൂപ

3. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം (വിവിധ ഗ്രാന്റുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ) Donation To Flood ഇനത്തിൽ വരവ് 45592/- രൂപയാണ്. വാർഷിക കണക്ക് ഷെഡ്യൂൾ RP-31 പ്രകാരം Donation To Flood ഇനത്തിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 3333/- രൂപയാണ്. യഥാർത്ഥത്തിൽ ഇത് ഈ ഇനത്തിലെ നീക്കിയിരിപ്പ് ആണ്.

4. സഞ്ചയയിൽ നിന്നും ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിൽ തൻവർഷ കലക്ഷൻ 2076893/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം (RP-43) ഇത് 2073405/- രൂപ. വ്യത്യാസം 3488/- രൂപ.

5. വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ ഡിമാൻഡ്, കളക്ഷൻ തുല്യമാണ്. ബാലൻസ് ഇല്ല. എന്നാൽ വാർഷിക കണക്ക് B-15 ഷെഡ്യൂൾ പ്രകാരം 400/- രൂപ ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്.

6. അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

7. ലേല രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ വരവ് 11305/- രൂപയാണ് (7465+3840). വാർഷിക കണക്കിൽ 5095/- രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്.

8. ലൈഫ് ഭവന പദ്ധതിയ്ക്കായി എടുത്ത ഹഡ്കോ വായ്പയിനത്തിൽ വാർഷികകണക്ക് B-5 ഷെഡ്യൂൾ പ്രകാരം 56,20,350/- രൂപ തിരിച്ചടയ്ക്കാൻ ശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ടെണ്ടർ ഫോം വിൽപ്പന ഇനത്തിൽ 83,977/- രൂപ വരവുണ്ട്. ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

10. റീ കൺസിലിയേഷൻ പത്രികകൾ, വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

11. 2019-20 വർഷത്തിൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് സർക്കാരിലേക്ക് അടച്ചിട്ടില്ല. 2018-19 ൽ ലൈബ്രറി സെസ്സ് ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി 87639 രൂപയും(B-9), തൻവർഷ വരവ് 108179/- രൂപയും (RP-36) ചേർത്ത് 195,818/- രൂപ അടയ്ക്കാൻ ശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 198028/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

12. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ മുഴുവൻ ചെക്കുകളും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് – Own Fund- 2075 | 21800945 | 181529/11.03.2019 | 6000 |
| | 21701319 | 146991/28.03.2018 | 20000 |
| | 21800994 | 181560/26.03.2019 | 1240 |
| ടി.എസ്.ബി Own Fund- | 21800509 | 2011251/01.10.2018 | 50559 |
| | 21800511 | 2011251/01.10.2018 | 32473 |

13. വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ചെലവ് 90,000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഇത് 60,000/- രൂപയാണ്.

14. വാർഷിക കണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

15. തൻവർഷം പാർട്ട് ബിൽ നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

16 വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-District Panchayath | 1,58,065 |
| Contribution For Joint Venture Projects (For Revenue Expenditure)-From Block Panchayaths | 7,00,000 |
| Contribution For Joint Venture Projects (For RevenueExpenditure)-From District Panchayaths | 13,53,633 |

17. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

18. ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കിയിട്ടില്ല.

19. നിലവിൽ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

MN ലക്ഷം വീട് (6977) അക്കൗണ്ട്, സിൻഡിക്കേറ്റ് ബാങ്ക് (ജലനിധി 18747), SBI VAT 4068 അക്കൗണ്ട്, സിൻഡിക്കേറ്റ് പെൻഷൻ, SBI Sand) എന്നീ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകകൾ അതത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8869308 |
| വരവ് | 62837540 |
| ആകെ | 71706848 |
| ചെലവ് | 57955398 |
| നീക്കിയിരിപ്പ് | 13751450 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 1,15,74,529 | 1,15,74,529 | 1,07,21,301 | 8,53,228 | ക്യൂബിൽ തുക 8,53,103 |
| ണ്ടവികസന ഫ (എസ്.സി.പി ) | - | 72,61,941 | 72,61,941 | 61,60,829 | 11,01,112 | ക്യൂബിൽ തുക 3,90,150 |
| വികസന ഫണ്ട് (ടി.എസ്.പി ) | - | - | - | - | - | - |
| മെയിന്റനൻസ് (റോഡ് ) | - | 97,66,000 | 97,66,000 | 59,26,355 | 38,39,645 | ക്യൂബിൽ തുക 31,70,557 |
| മെയിന്റനൻസ് (നോൺ റോഡ് ) | - | 35,20,000 | 35,20,000 | 20,04,630 | 15,15,370 | ക്യൂബിൽ തുക 638545 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC -Tied) | - | - | - | - | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(CFC -UnTied) | - | 93,65,309 | 93,65,309 | 32,76,607 | 60,88,702 | ക്യൂബിൽ തുക 33,69,258 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | 2,31,892 | 11,60,096 | 13,91,988 | 11,04,102 | 2,87,886 | |
| TSC(Total Sanitation Campaign) | 5,53,400 | | 5,53,400 | | 5,53,400 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | - | | | | | |
| ആനിമൽ ഹസ്ബൻഡറി | 5,00,000 | - | 5,00,000 | - | 5,00,000 | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 12,50,000 | - | 12,50,000 | 89,604 | 11,60,396 | |
| സാക്ഷരത | 1,09,998 | 4,387 | 1,14,385 | - | 114385 | |
| ശുചിത്വ മിഷൻ | 1366696 | - | 1366696 | - | 1366696 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 4508588 | 4508588 | 4130000 | 378588 | |
| അവാർഡ്സ് | 5,00,000 | - | 500000 | - | 500000 | |
| അഗതി രഹിത കേരളം ഗ്രാന്റ് | - | 1093863 | 1093863 | 1093863 | - | കുടുംബശ്രീയ്ക്ക് കൈമാറി |
| കുടിവെള്ള വിതരണത്തിനുള്ള ഗ്രാന്റ് | - | 678055 | 678055 | 678055 | - | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകത

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ് തുകകൾ ACR പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. ലൈഫ് ഭവന പദ്ധതിയ്ക്കായി എടുത്ത ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് തുകകൂടി ഉൾപ്പെടുത്തിയ തുകയാണ് ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ഉറവിടത്തിൽ നിന്നും കുറവു ചെയ്തതാകയാൽ ശേഷിക്കുന്ന തുകയാണ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ACR പ്രകാരമുള്ള ചെലവ് തുക | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള ചെലവ് തുക | വ്യത്യാസം | ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവിനായി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,07,21,301 | 1,13,97,772 | 6,76,471 | 6,76,471 |
| വികസന ഫണ്ട് (എസ്.സി.പി) | 61,60,829 | 63,07,888 | 1,47,059 | 1,47,059 |

2. വികസനഫണ്ട്-ജനറൽ, എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ്, റോഡിതരം ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുക, ബാലൻസ് തുക എന്നിവ രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. ഐ.സി.ഡി.എസ്. പദ്ധതിയുടെ കേന്ദ്രവിഹിതം വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. ടോട്ടൽ സാനിറ്റേഷൻ മിഷന് തൻവർഷം വരവില്ല. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം 2608551/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

5. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ച് ഭാരത് മിഷൻ ഇനത്തിൽ തൻവർഷം വരവ് വന്നിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ തൻവർഷം 585200/- രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. സംസ്ഥാനാവിഷ്കൃത പദ്ധതികളായ സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം, ശുചിത്വമിഷൻ, എന്നിവയ്ക്ക് തൻവർഷം വരവില്ല. ഇവയുടെയും ലൈഫ്മിഷൻ പ്രോഗ്രാം, എന്നിവയുടെയും ചെലവ്, ബാലൻസ് തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ലൈഫ് മിഷൻ പ്രോഗ്രാം വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം പദ്ധതിയ്ക്ക് വകയിരുത്തിയ തുകയാണ് ഗ്രാന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെ ക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 160 | 92 | 6 | 62 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 160 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 98 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. അവശേഷിക്കുന്ന പ്രൊജക്ടുകളിൽ 33 എണ്ണം സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിച്ച് ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ മാറുന്നതിനുള്ള നിയന്ത്രണം കാരണം സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. ആയത് കൂടി പരിഗണിച്ചാൽ കേവലം 23 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാനുള്ളു. വിവിധ ഫണ്ടിനങ്ങളിലായി ക്യൂ ബിൽ ആയ പ്രൊജക്ടുകളുടെ എണ്ണവും വിവിധ ഫണ്ടിനങ്ങളിൽ ചെലവ് വന്ന തുകയുടെ വിശദ വിവരവും താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | പ്രൊജക്ടുകളുടെ എണ്ണം | ക്യൂബിൽ ആയ തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 8 | 853103 |
| | | |

| | | |
|---|---|---|
| C.F.C. ഗ്രാന്റ് | 13 | 3369258 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6 | 3170557 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4 | 638545 |
| വികസനഫണ്ട് എസ്.സി.പി | 2 | 390150 |
| ആകെ | 33 | 8421613 |

മേൽ പട്ടികയിൽ നിന്നും 33 പ്രൊജക്ടുകളിലായി സാമ്പത്തിക വർഷത്തിൽ 8421613/- രൂപയുടെ പ്രൊജക്ട് ചെലവുകൾ പണമാക്കിമാറ്റാതെ ട്രഷറിയിൽ ക്യൂ ബിൽ ആയി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാവുന്നു. നടപ്പിലാക്കാതെ പോയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും അസി.എഞ്ചിനീയറെ നിർവ്വഹണം നടത്താൻ ഏൽപിച്ച മരാമത്ത് പ്രൊജക്ടുകളാണ്. അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 77 പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 38 പ്രൊജക്ടുകൾക്ക് മാത്രമെ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന പ്രൊജക്ടുകളിൽ 16 പ്രൊജക്ടുകൾക്കായുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടും ക്യൂബില്ലിൽ ഉൾപ്പെട്ടു. ഇതുകൂടി ഉൾപ്പെടുത്തുമ്പോൾ സാമ്പത്തിക വർഷത്തിൽ തന്നെ ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞതായി കാണുന്നു. പ്രൊജക്ടുകളുടെ നിർവഹണത്തിൽ വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി എല്ലാ മാസങ്ങളിലും ചർച്ചനടത്തി നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തിവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പോലും യോഗം ചേർന്നതായി കാണുന്നില്ല. ഉദാ.ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പ്. മറ്റ് ചില വർക്കിംഗ് ഗ്രൂപ്പുകളിൽ ചേരുന്ന യോഗങ്ങളിലൊന്നും ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്തു കാണുന്നില്ല. ഉദാ. കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ്. മറ്റ് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും വ്യത്യസ്തമായി കൃഷിയും അനുബന്ധ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പ് 11.12.19ൽ യോഗം ചേർന്ന് തങ്ങളുടെ മേഖലയിലുള്ള പ്രൊജക്ടുകൾ അവലോകനം ചെയ്തതായി കാണുന്നു. ഇങ്ങനെ പ്രൊജക്ടുകളുടെ മോണിട്ടറിംഗിലും സൂപ്പർവിഷനിലുമുള്ള അപാകതമൂലം നടപ്പുസാമ്പത്തിക വർഷത്തിൽ (2020-21) പൊതുമരാമത്ത് മേഖലയിൽ നടപ്പാക്കിയ കാമ്പ്രത്ത് മുക്ക് എടച്ചേരിച്ചാൽ കണ്ടിത്താഴ മഖാം റോഡ് ടാറിംഗ് പ്രവർത്തി നടത്തിപ്പിലെ അപാകത മൂലം ചില ഭാഗങ്ങളിൽ പ്രവർത്തി കഴിഞ്ഞ് ദിവസങ്ങൾക്കുള്ളിൽ പൊട്ടി പൊളിഞ്ഞ അവസ്ഥയിലായത് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. നിർവഹണ ഉദ്യോഗസ്ഥർ പ്രധാനമായും അസി.എഞ്ചിനീയർ ബന്ധപ്പെട്ട മേഖലയിലെ പ്രൊജക്ടുകളുടെ സൂപ്പർവിഷൻ കാര്യക്ഷമമായി നടത്തുന്നതോടൊപ്പം വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കൃത്യമായി നിർവഹിച്ച് ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 23,522 | 39,87,253 | 40,10,775 | 35,51,992 | 4,58,783 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 7,23,04,419 | 7,23,04,419 | 7,23,04,419 | - |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 23,522 | 7,62,91,672 | 7,63,15,194 | 7,58,56,411 | 4,58,783 |

ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സാമ്പത്തിക വർഷംവരെ 6802 കുടുംബങ്ങളിൽ നിന്നായി 5144 പേർക്ക് തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 3306 കുടുംബങ്ങളിൽ തൊഴിലിനായി രജിസ്റ്റർ ചെയ്യുകയും അത്രയും പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻപ്ലാൻപ്രകാരം 314 പ്രവർത്തികൾക്കായി 10,00,00,000/- രൂപ വകയിരുത്തിയതിൽ 96194469/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിലൂടെ തൊഴിലാളികളുടെ കൂലി ഇനത്തിൽ 72304419/- രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 1666 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും ഭൂരിഭാഗം വാർഡുകളിലും നടപ്പാക്കാനുദ്ദേശിച്ചതുമായ പുഴസൈഡിൽ/തോട് സൈഡിൽ കയർ ഭൂവസ്ത്രം പ്രവർത്തികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. പദ്ധതിക്കായുള്ള സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 98130461/- രൂപയാണ്.

വിവിധ പ്രവൃത്തികളുടെ ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) വിവിധ പ്രവർത്തികളുടെ സൈറ്റ് ഡയറി പരിശോധിച്ചതിൽ സൈറ്റ് ഡയറികളിൽ ചിലതിൽ താഴെപ്പറയുന്ന ഭാഗങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

എ. പ്രവർത്തി സ്ഥലത്ത് ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ വിവരം.

ബി. പ്രവർത്തിക്കായി വിനിയോഗിച്ച തൊഴിലുപകരണങ്ങളുടെ എണ്ണം, വാടക എന്നിവ സംബന്ധിച്ച വിവരം.

സി. സന്ദർശക കുറിപ്പ്.

ഡി. പദ്ധതി ചെലവ് സംബന്ധിച്ച വിവരം

2) എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തികൾക്കെല്ലാം തന്നെ സൈറ്റ് ബോർഡിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, പ്രവർത്തികൾക്ക് സൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തി കാണുന്നില്ല.

3. 2019-20 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങൽ-ടെണ്ടർ നടപടി ക്രമങ്ങളിലെ അപാകതകൾ

സ.ഉ.(പി)/524/15/ധനം തീ. 17/11/15 പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷം രൂപയും അതിനു മുകളിലുമുള്ള മെറ്റീരിയൽ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യേണ്ടതാണ്. 2019-20 വർഷത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2019-20 വർഷങ്ങളിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ മാന്വൽ ടെണ്ടറുകൾക്ക് മത്സരാധിഷ്ഠിത ടെണ്ടറുകൾ ആവാതെ കൂടുതലും സിംഗിൾ ടെണ്ടർ ആയിട്ടാണ് കാണുന്നത്. രണ്ടു പേർ പങ്കെടുത്തിട്ടുള്ളതിൽ കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കായിരിക്കുന്നതായും കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 153360 | 160 |
| കർഷക തൊഴിലാളി പെൻഷൻ | 4785600 | 824 |
| വിധവാപെൻഷൻ | 5128200 | 898 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 7564800 | 1475 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 1684900 | 299 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 110400 | 19 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലഭിച്ച വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതിൽ പഞ്ചായത്ത് ഒരുപരിധിവരെ വിജയിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം ലഭ്യമായ എല്ലാ അപേക്ഷകളിലും തീരുമാനം കൈകൊണ്ടിട്ടുള്ളത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. പഞ്ചായത്തിൽ ലഭ്യമാകുന്ന ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ ഉടൻതന്നെ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും ലഭ്യമാകുന്ന അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥർ മിക്ക മാസങ്ങളിലും താമസംവിനാ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമായാൽ തൊട്ടടുത്ത് കൂടുന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആയത് പരിശോധിച്ച് അപേക്ഷകളിൽമേൽ തീരുമാനം കൈകൊണ്ട് ഭരണ സമിതിയിൽ വെക്കുന്നുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നത് മുതൽ തീരുമാനം കൈകൊള്ളുന്നത് വരെയുള്ള എല്ലാ വിവരങ്ങളും രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ട്. വാർദ്ധക്യകാല പെൻഷൻ അപേക്ഷാ രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ ചില അവ്യക്തത കാണുന്നു. 18/7/19 ൽ ഫയൽനമ്പർ 2591 ആയി ലഭിച്ച ലീലാമ്മ .സി.കെ, ചെറിയ കിഴക്ക്യാൽ, മുയിപ്പോത്ത് എന്നവരുടെ വാർദ്ധക്യകാല പെൻഷൻ അപേക്ഷയിൽ 16/7/19 ന് ചേർന്ന ഭരണ സമിതിയോഗം തീരുമാനം കൈകൊണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷ സീകരിക്കുന്നതിന് മുമ്പ് തന്നെ ഭരണ സമിതിയിൽ ആയത് എങ്ങനെ പാസാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/03.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23062/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ ശ്രദ്ധചെലുത്തിയിട്ടുണ്ട്. എല്ലാ

പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്താൻ മേലുദ്യോഗസ്ഥർ പലപ്പോഴും വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ് ബുക്ക് ദിവസേന സെക്രട്ടറി ഒപ്പുവെക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റു രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും സെക്രട്ടറി വീഴ്ച വരുത്തിയത് കൂടാതെ സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായും കാണുന്നില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നതിൽ 2020 ജനുവരി, ഫിബ്രുവരി മാസങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും, ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാര നടപടികൾ കൈകൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൂടുതൽ ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർ നടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രൊപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ

തിയ്യതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 306 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 173 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

<u>2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴസ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം സഞ്ചയ-സോഫ്റ്റ്വേറിൽ നിന്നും കെട്ടിട ഉടമകളുടെ ലിസ്റ്റ് പ്രിന്റ് ചെയ്താണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മുഴുവൻ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിക്കുന്ന ലിസ്റ്റ് അപൂർണ്ണമാണ്.

<u>3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു</u>

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1526 (171 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 306 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (402 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>4) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കാതെ അവശേഷിക്കുന്നു.</u>

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-3ൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സംരംഭങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യതകളെ കുറിച്ചും ഇത് കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനെ കുറിച്ചും പ്രതിപാദിച്ചിരുന്നു. സഞ്ജയ പ്രകാരം 1334 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുള്ളതിൽ 274 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10/10/2019 തിയ്യതിയിലെ 16(1)/19 നമ്പർ തീരുമാന പ്രകാരം സ്ഥാപനം നൽകിയ പ്രഥമ മറുപടിയിൽ ഓഡിറ്റ് പരാമർശ പ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചതായി മറുപടി തന്നിട്ടുണ്ട്. എന്നാൽ അപാകതകൾ ഇപ്പോഴും നിലനില്ക്കുന്നതായി ഓഡിറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യങ്ങൾ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്.

<u>1-11 തൊഴിൽ നികുതി അപാകതകൾ</u>

<u>1)ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ</u>

പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം. | ആവശ്യം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 41/2019-20 | ശ്രീ.ഒ.മുഹമ്മദ് ഒതയോത്ത്. ചെറുവണ്ണൂർ | 8/300 എ,ബി | നെസ്ലെ, കോൾഗേറ്റ് ഡിസ്ട്രിബ്യൂട്ടർ | 5 | 1500/- |
| 29/19-20 | ശ്രീ. ഷൈലു പി.കെ. പീടികക്കണ്ടി | 8/505 | അലൂമിനിയം ഫേബ്രിക്കേഷൻ വർക്ക് | 2 | 360/- |
| 58/19-20 | ശ്രീമതി. ആയിഷ. ആറോത്ത് താഴ | 9/166 | ഹോട്ടൽ | 4 | 360/- |
| 98/19-20 | ശ്രീമതി. ബുഷറ ഇസ്മയിൽ ചെട്യാംകണ്ടി | 13/138എ-സി | ഹോളോ-ബ്രിക്സ് നിർമ്മാണം | 7 | 2500/- |
| 118/19-20 | ശ്രീ. കനോത്ത് അബ്ദുള്ള | 9/226എ | സിമന്റ് കട്ട നിർമ്മാണം | 4 | 900/- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം. തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

2) രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം സഞ്ചയ-സോഫ്റ്റ് വെയറിൽ നിന്നും കെട്ടിട ഉടമകളുടെ ലിസ്റ്റ് പ്രിന്റ് ചെയ്താണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മുഴുവൻ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിക്കുന്ന ലിസ്റ്റ് അപൂർണ്ണമാണ്.

3)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1526 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 171 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1355 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 306 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 402 ആണ്. അവശേഷിക്കുന്ന 953 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ അക്ഷയ കേന്ദ്രങ്ങൾ, വിവിധ ബിൽഡിംഗ് പ്ലാനുകൾ സമർപ്പിച്ചിട്ടുള്ള ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകിയും വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തിയും സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുപ്പിച്ചതിന് ശേഷം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. കൃത്യമായ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്.

<u>1-12 നിരപ്പം സ്റ്റേഡിയം സ്ഥലം ഏറ്റെടുക്കൽ.-തുക അടവാക്കാൻ വൈകുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം</u>

ചെറുവണ്ണൂർ പഞ്ചായത്തിലെ നിരപ്പം കുന്ന് മൈതാനത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി 3ഏക്കർ 29.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുവാദ പ്രകാരം (ജി.ഒ.(ആർ.ടി.)1295/2000/ത.സ്വ.ഭ.വ.തി.23.3.2000) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി സ്പെഷൽ തഹസിൽദാർ പ്രസ്തുത ഭൂമിക്ക് അവാർഡു പാസാക്കി ഏറ്റെടുക്കുന്നതിന് അവാർഡ് തുക 923909/- രൂപ ആവശ്യപ്പെടുകയും തുക മുഴുവനും 31.3.2003 ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. 21.5.2003 എൽ.എ. തഹസിൽദാർ കൊയിലാണ്ടി താലൂക്ക് അവാർഡ് നമ്പർ 7/2003 ൽ സ്ഥലത്തിന്റെ അളവ് 3 ഏക്കർ 29.5 സെന്റിൽ നിന്നും 3 ഏക്കർ 8.01 സെന്റ് എന്ന് റീ.സർവെയിൽ മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന് കൂടുതൽ തുക ആവശ്യപ്പെട്ട് ബഹു. കൊയിലാണ്ടി സബ് കോടതിയെ സമീപിച്ച സ്ഥലത്തിന്റെ അവകാശികൾക്ക് ബഹു കോടതിയുടെ 20.10.2006 ലെ L.A.R 4/04,L.A5/04 ഉത്തരവിലൂടെ സെന്റിന് 3043/- രൂപ നിരക്കിലും 30% സാന്ത്വന പ്രതിഫലം, പലിശ എന്നിവയും നൽകാൻ കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വിധിക്കെതിരെ ബഹു. ഹൈക്കോടതിയെ പഞ്ചായത്ത് സമീപിച്ചെങ്കിലും 16.8.17ലെ ഉത്തരവിലൂടെ കേസ് തള്ളുകയാണുണ്ടായത്. ആയത് സംബന്ധിച്ച് ബഹു. സുപ്രീംകോടതിയെ സമീപിക്കുന്നതുമായി ബന്ധപ്പെട്ട് ഗവ.പ്ലീഡറോട് അഭിപ്രായം ആരാഞ്ഞുകൊണ്ട് 16.2.18 ൽ നൽകിയ കത്തിന് 2.7.19ന് ഗവ.പ്ലീഡർ നൽകിയ റിപ്പോർട്ടിൽ പഞ്ചായത്തിന് അനുകൂലമായി വിധി ലഭിക്കുവാനോ, പലിശ ഇളവു ലഭിക്കാനോ ഇടയില്ലെന്നും, എത്രയും വേഗം അവകാശികൾക്ക് പണം നൽകുന്നതാവും ഉചിതമെന്നും അറിയിച്ചു. ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാരുടെ 24.1.18ലെ കത്ത് പ്രകാരം 20.2.18വരെ അവകാശികൾക്ക് കൊടുക്കേണ്ട തുക 2256667/- രൂപയാണെന്നും തുക കക്ഷികൾക്ക് നൽകുവാൻ താമസിക്കുന്ന ദിവസങ്ങളിൽ 15% പലിശ നൽകേണ്ടി വരുമെന്നും പഞ്ചായത്തിനെ അറിയിച്ചു. സ്പെഷൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടും വിധി തുക അടവാക്കാത്തതിനാൽ 1.8.19, 25.11.20, 8.1.2021 തിയ്യതികളിൽ തുക അടവാക്കാനാവശ്യപ്പെട്ട് തഹസിൽദാർ വീണ്ടും കത്ത് നൽകുകയും അവസാനമായി 08.01.2021ൽ ലഭ്യമാക്കിയ കത്തിൽ പഞ്ചായത്തിന്റെ നിലവിലെ ബാധ്യത 2453937/- രൂപയായി നിർണ്ണയിച്ചു നൽകുകയും തുക അടവാക്കാതിരുന്നാൽ കക്ഷികൾ ബഹു. സബ് കോടതിയിൽ E.P. ഫയൽ ചെയ്യുന്ന

സാഹചര്യമുണ്ടായാൽ സർക്കാർ മുതലുകൾ ജപ്തി ചെയ്യുന്ന സാഹചര്യമുണ്ടാവുമെന്നും അറിയിച്ചു. 2.7.19 ൽ കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 16.7.19 ലെ ഭരണസമിതി തീരുമാനം നമ്പർ 3(1)/19 പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ഭൂമിയുടെ മുതലും പലിശയും അടവാക്കുന്നതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 1.8.19ന് K.U.R.D.F.C. ലോൺ എടുക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയും, ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് അനുമതിക്കായി പഞ്ചായത്ത് പ്രസിഡണ്ടും ഉചിതമാർഗേന തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയതായി കാണുന്നു. ഒരേ ദിവസം പ്രസിഡണ്ടും, സെക്രട്ടറിയും ഒരേ ആവശ്യത്തിനായി രണ്ട് സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ അനുവാദം ആവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ കാരണം വ്യക്തമല്ല. പഞ്ചായത്ത് പ്രസിഡണ്ടിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ.(സാധാ) നമ്പർ 1320/2020 തി 2.7.2020 പ്രകാരം കോടതി ഉത്തരവ് പ്രകാരമുള്ള തുക ബന്ധപ്പെട്ടകക്ഷികൾക്ക് നൽകുന്നതിനായി ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിനും ആയതിന്റെ പലിശ പൊതു ആവശ്യ ഗ്രാന്റിൽ നിന്നും മുതൽ ഗ്രാമപഞ്ചായത്തിനുള്ള വികസന ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരിച്ചടവാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24.12.2020 ൽ എത്രയും പെട്ടെന്ന് തുക അനുവദിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് പഞ്ചായത്ത് സെക്രട്ടറി സർവീസ് കോപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് ഗവ.പ്ലീഡറിൽ നിന്നും നിയമോപദേശം ലഭ്യമാവാൻ വൈകിയതിന്റെ കാരണവും ഒരേ ദിവസം തന്നെ ലോണുകൾക്കായി രണ്ട് വിധത്തിൽ കത്ത് നൽകിയതിന്റെയും, ലോൺ ലഭ്യമാക്കുന്നത് സംബന്ധിച്ച് സർവീസ് കോ.ഓപ് ബാങ്കിൽ നിന്നും ലഭ്യമായ ഉറപ്പു സംഭവിച്ചും മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് ലഭ്യമായിട്ടില്ല. കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റ ഭാഗത്തു നിന്നുണ്ടായ അലംഭാവം മൂലം ഓരോ വർഷത്തിലും വൻതുക പഞ്ചായത്തിന് നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന അവസ്ഥയിൽ 2.7.2020 ൽ ആയത് പരിഹരിക്കാൻ ആവശ്യമായ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിലും മാസങ്ങൾ കഴിഞ്ഞിട്ടും സർവീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ ലഭ്യമാക്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാൻ സാധിക്കാത്തത് പലിശയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന ബാധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം പഞ്ചായത്ത് മുതലുകൾ ജപ്തി നടപടികൾക്ക് വിധേയമാകാനുള്ള സാധ്യതയും നിലനിൽക്കുന്നു.

<u>1-13 സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുന്നു.</u>

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് പഞ്ചായത്ത് തനത് ഫണ്ടിലുള്ള ബാധ്യതകളേക്കാൾ കുറവാണ്. 2019-20 വർഷത്തെ സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ B4 സ്റ്റേറ്റ്മെന്റ് പ്രകാരം തനത് ഫണ്ട് അക്കൌണ്ടുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള മറ്റ് പ്രത്യേക ഉദ്ദേശഫണ്ടുകൾ ചെലവഴിക്കാതെ മൊത്തം 5748508/- രൂപയുണ്ട്. B7 സ്റ്റേറ്റ്മെന്റ് പ്രകാരം 1167846/- രൂപയും മറ്റ് ബാധ്യതകളായി B9 സ്റ്റേറ്റ്മെന്റ് പ്രകാരം 5436951 രൂപയുമുണ്ട്. ഇതിൽ നിന്നും മൊത്തം തനത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മറ്റ് ഫണ്ടുകളും ഗ്രാമപഞ്ചായത്തിന്റെ മറ്റ് ബാധ്യതകളുമടക്കം 12353305/- രൂപ ബാധ്യതയായുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് മണൽ അക്കൌണ്ടിലേതടക്കം 9208452/- രൂപയാണുള്ളത്. ഇതിൽ നിന്നും തനത് ഫണ്ട് നീക്കിയിരിപ്പ് 3144853/- രൂപ കമ്മിയായാണ്

ഉള്ളതെന്ന് ബോധ്യമാവുന്നു. (9208452-12353305). ഇപ്രകാരം തനത് ഫണ്ടിലുള്ള നീക്കിയിരിപ്പ് കമ്മിയായി തുടരുമ്പോഴും ആയത് പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾക്ക് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തുക ചെലവഴിച്ചതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വകയിരുത്തിയ തനത് ഫണ്ട് | ചെലവഴിച്ച തനത് ഫണ്ട് |
|---|---|---|
| 19-20 | 1557530 | 684154 |
| 20-21 | 1435028 | 541915<br>(ഓഡിറ്റ് തിയ്യതി വരെ) |

17-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സ്ഥാപനം സർക്കാർ മാർഗരേഖകൾ ലംഘിച്ച് കൊണ്ട് തനത് ഫണ്ടിനത്തിൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് ഖണ്ഡിക 3.21 ആയി പരാമർശിച്ചിരുന്നെങ്കിലും ആയത് പരിഗണിക്കാതെ തുടർ വർഷങ്ങളിലും ഈ അപാകത ആവർത്തിച്ചുവരുന്നു. സ.ഉ.നമ്പർ 11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.1 ൽ പ്രൊജക്ടുകളുടെ വിഭവസമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ക്രമനമ്പർ 3 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതുആവശ്യ ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക മാത്രമെ തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെയും ലഭ്യമല്ലാത്ത തനത് ഫണ്ട് പ്രൊജക്ടുകൾക്കായി വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ലഭ്യമല്ലാത്ത തനത് ഫണ്ട് വകയിരുത്തി മറ്റു ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

## 1-14 പൊതുടാപ്പുകളുടെ വെള്ളക്കരമൊഴിവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയില്ല.

പഞ്ചായത്തിൽ 27 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ടാപ്പൊന്നിന് പ്രതിവർഷം 5250/- രൂപ കണക്കാക്കി പ്രതിമാസം 11813 രൂപ വീതം പഞ്ചായത്ത് 1/19 വരെ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾ നിർണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരമടവാക്കണമെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിരുന്നു. (2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 കാണുക). 28.5.2019 ന് ചേർന്ന ഭരണസമിതി യോഗത്തിൽ പ്രവർത്തിക്കാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരമടവാക്കുന്നത് പരിഹരിക്കാൻ ജലഅതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധനക്കായി വിവിധസമയങ്ങളിൽ ആവശ്യപ്പെട്ടിട്ടും ജലവകുപ്പ് അധികൃതർ സഹകരിക്കാത്തതിനാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള പ്രവർത്തനയോഗ്യമായ പൊതുടാപ്പുകളുടെ എണ്ണം പഞ്ചായത്തു തന്നെ തന്നെ പരിശോധിച്ച് നിർണ്ണയിച്ച് പഞ്ചായത്തുതല പൊതുടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കി ആയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തു. ആയതിന്റെ അനുബന്ധമായി ഭരണസമിതി തീരുമാനം അറിയിച്ചു കൊണ്ടും 27 ടാപ്പുകൾ എവിടെയെല്ലാമാണെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടു 10.5.2019ൽ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി അസി.എഞ്ചിനീയർക്ക് കത്ത് നൽകുകയും ആയതിന് മറുപടി ലഭ്യമാവാത്തതിനാൽ 17.6.19 ൽ നിലവിൽ പഞ്ചായത്തു പരിധിയിൽ പൊതുടാപ്പുകൾ ഒന്നും

പ്രവർത്തനക്ഷമമല്ലാത്തതിനാൽ തനത് ഫണ്ട് വരുമാനം വളരെ കുറവായ പഞ്ചായത്തിൽ പ്രതിമാസം അടവാക്കി കൊണ്ടിരിക്കുന്ന വെള്ളക്കരം തുടർന്ന് അടവാക്കാൻ നിർവാഹമില്ലെന്ന് വാട്ടർ അതോറിറ്റി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചുകൊണ്ട് കത്ത് നൽകുകയും ചെയ്തു. 26.6.19ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി പേരാമ്പ്ര ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി വടകര ഡിവിഷന് അയച്ച കത്തിൽ പഞ്ചായത്തിലെ പൊതുടാപ്പുകളൊന്നും പ്രവർത്തനക്ഷമമല്ലെന്നും ആയതിനാൽ 2019 മാർച്ച് മുതൽ വെള്ളക്കരമിനത്തിലുള്ള തുക ഇളവുചെയ്തു നൽകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാട്ടർചാർജ് അടവാക്കുന്നത് ഒഴിവാക്കി കൊണ്ടുള്ള അറിയിപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല 2019 സെപ്റ്റംബർ മാസത്തിൽ പഞ്ചായത്തിൽ വീണ്ടും വാട്ടർ അതോറിറ്റിയിൽ നിന്നും 2019 മാർച്ച് മുതൽ സപ്തംബർ വരെയുള്ള വാട്ടർ ചാർജ് പിഴ സഹിതം 98752/- രൂപ അടവാക്കാൻ ആവശ്യപ്പെട്ടു ബിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 14.10.19ന് സെക്രട്ടറി വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ അസി. എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വെള്ളക്കരമടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ കത്തിന് വാട്ടർ അതോറിറ്റി മറുപടി ലഭ്യമാക്കി കാണുന്നില്ല. പിന്നീട് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി വടകര ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്ത് വെള്ളക്കരമടവാക്കുന്നത് കുടിശ്ശിക സഹിതം ഒഴിവാക്കി കൊണ്ടുള്ള ഉത്തരവ് ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കൃത്യത ഇല്ലാതെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് അടവാക്കുന്നു

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ സാമ്പത്തിക വർഷത്തിൽ വിവിധ വൗച്ചറുകളിലായി 353388/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. അടവാക്കിയ തുകയുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി തെരുവ് വിളക്കുകളുടെ എണ്ണം. ഇനം, തരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചു കാണുന്നില്ല. വൈദ്യുതി ബോർഡിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കുന്ന രീതിയാണ് നിലവിൽ തുടർന്നുവരുന്നത്. തുക അടവാക്കുന്നതിനോടൊപ്പം തെരുവ് വിളക്കുകളെല്ലാം പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഓരോ ഇനത്തിലും ചെലവഴിക്കപ്പെടുന്ന പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പു വരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തെരുവ് വിളക്കുകളുടെ പ്രവർത്തന ക്ഷമത ഉറപ്പു വരുത്തുന്നതിനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ കൈകൊണ്ടതായി കാണുന്നില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവർത്തനക്ഷമത ഉറപ്പു വരുത്തുന്നതിനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധനക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയത് നടന്നിട്ടില്ലെന്നും നിലാവ് പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകളുടെ സർവെ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തയ്യാറാക്കിയ സർവെ ലിസ്റ്റിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനായി വൈദ്യുതി ബോർഡുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, വായനശാലകൾ എന്നിവക്കുള്ള പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും തുക ചെലവഴിക്കുന്നത് സംബന്ധിച്ച്.

പഞ്ചായത്ത് പരിധിയിലുള്ള വിവിധ വായനശാലകൾ, സാസ്കാരിക കേന്ദ്രങ്ങൾ

എന്നിവിടങ്ങളിൽ ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ വിതരണം ചെയ്ത വകയിൽ വിവിധ വൗച്ചറുകളിലായി സാമ്പത്തിക വർഷം 161631/- രൂപ വിവിധ പത്രഏജന്റുമാർ കൈപ്പറ്റിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം പഞ്ചായത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കു പോലും തികയാത്ത സാഹചര്യത്തിൽ പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത ഇത്തരം ചെലവുകൾ പരിമിതപ്പെടുത്തുന്നതിനാവശ്യമായ നടപടികളൊന്നും പഞ്ചായത്ത് കൈകൊള്ളുന്നതായി കാണുന്നില്ല. ഇത്തരത്തിൽ വൻതുക പത്രങ്ങൾക്കും ആനുകാലികങ്ങൾക്കുമായി നീക്കി വെക്കുന്നത് പഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കും. 7.1.2020 ൽ കൂടിയ ഭരണസമിതി യോഗത്തിൽ വായനശാലകളിൽ വിതരണം ചെയ്ത പത്രങ്ങളുടെ വരിസംഖ്യ അനുവദിക്കുന്നതിനുള്ള അപേക്ഷ പത്രഏജന്റുമാർ സമയബന്ധിതമായി സമർപ്പിക്കുന്നില്ലെന്നും, ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും കൂടിയതുക ചെലവഴിക്കുന്നത് ഓഡിറ്റ് പരാമർശങ്ങൾക്ക് കാരണമാവുന്നുണ്ടെന്നും, 6മാസത്തെ കാലയളവിൽ കൂടിയ ബില്ലുകൾ ഒരുമിച്ച് സമർപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുന്നതോടൊപ്പം വായനശാലകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കു അനുവദിച്ച പത്രം സ്ഥാപനങ്ങൾ തിരികെ പഞ്ചായത്തിൽ ഏൽപ്പിക്കുന്നില്ലെന്നും ആയത് തിരികെ ഏൽപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം കൈകൊണ്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പത്രങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പത്രങ്ങൾ വിതരണം ചെയ്യുന്നതുമൂലമുള്ള ഭീമമായ ചെലവു കുറക്കുന്നതിനും ഭരണസമിതി തീരുമാനം നടപ്പിലാക്കുന്നതിനും കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിലവിൽ തുക അനുവദിച്ചു കൊണ്ടിരിക്കുന്ന പത്രങ്ങൾ, മാസികകൾ എന്നിവയിൽ അത്യാവശ്യമല്ലാത്തവ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത പത്രങ്ങളും മാസികകളും തിരികെ ഈടാക്കി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നത് സംബന്ധിച്ച അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

### <u>1-17 പാലിയേറ്റീവ് പരിചരണം- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല</u>

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണോദ്യോഗസ്ഥനായി പെയിൻ ആന്റ് പാലിയേറ്റീവ് രോഗികൾക്ക് മരുന്നും, വിവിധ ചികിത്സോപാധികളും വാങ്ങുന്നതിനായി താഴെ ചേർക്കും പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. തുക കൈമാറി നാളിതുവരെയും മരുന്നു മുഴുവനായി ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയർ, 16/20 |
| അടങ്കൽ | 5,11,000/-വികസനഫണ്ട്(ജനറൽ) |
| ചെലവ് | 469500/- |
| മരുന്ന് ലഭിക്കുന്നതിനായി ചെലവഴിച്ച തുക | 50,000/- (3/19-20 തീയതി 15.07.2019) |

പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയറിനായി 5,11,000/-വികസനഫണ്ട് (ജനറൽ) വകയിരുത്തി പദ്ധതി തയ്യാറാക്കി 469500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് 50,000/- രൂപ ബിൽ നം.3/19-20 തീയതി 15.07.2019 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ അടച്ചിട്ടുണ്ട്. എന്നാൽ ആകെ 23188/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 26812/- രൂപയുടേയും മരുന്ന് ലഭിക്കാൻ ബാക്കിയുണ്ട്. 23188/- രൂപയുടെ മരുന്നു ലഭിച്ചതു പോലും ഏകദേശം ഒരു വർഷത്തോളം കഴിഞ്ഞ് 06/2020 ലാണ്.

കിടപ്പു രോഗികളായ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിലെ രോഗികൾക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ട മരുന്നുകൾ നാളിതുവരെയും ലഭിക്കാതിരിക്കുന്നത് പദ്ധതിയുടെ ലക്ഷ്യത്തെ ബാധിക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ. ൽ നിന്നും മരുന്ന് മുഴുവനായി ഇതുവരെ ലഭിക്കാത്തതിന്റെ കാരണവും, ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടിയും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/2019-20 തീ. 23.03.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മൃഗസംരക്ഷണം, ക്ഷീര വികസനം - പഞ്ചായത്തിലെ സാധ്യത പരിഗണിച്ച് കൂടുതൽ പ്രൊജക്ടുകൾ ആവശ്യം

13ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 2019-2020 വരെ മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | 2016-17 | | 2017-18 | | 2018-19 | | 2019-20 | |
|---|---|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| കന്നുകുട്ടി പരിപാലനം | --- | --- | 125000 | 312500 | 150000 | 150000 | 150000 | 150000 |
| മൃഗാശുപത്രിയിലേക്ക് മരുന്ന് | 200000 | 200000 | 200000 | 200000 | 410000 | 410000 | 400000 | 400000 |
| ആട് വളർത്തൽ | 1092000 | 630000 | --- | --- | --- | --- | 324000 | 243000 |
| കറവപശു വിതരണം | 690000 | 630000 | --- | --- | --- | --- | --- | --- |
| കോഴിഗ്രാമം (വനിത) | --- | --- | 1025000 | 967000 | --- | --- | --- | --- |
| കോഴിഗ്രാമം (എസ്. സി.പി വനിത) | --- | --- | 258000 | 203000 | --- | --- | --- | --- |
| ബില്ലിങ്ങ് മെഷീൻ വാങ്ങൽ | --- | --- | --- | --- | --- | --- | 15000 | 14879 |

ഗ്രാമ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയിൽ ഭൂരിഭാഗവും കാർഷിക പ്രാധാന്യമുള്ളതാണ്. ആവളപാണ്ടി എന്നറിയപ്പെടുന്ന വിശാലമായ നെൽവയലുൾപ്പെടെ നെൽകൃഷിക്ക് വളരെ പ്രാധാന്യമുള്ള ഗ്രാമ പഞ്ചായത്തിൽ തെങ്ങുകൃഷി, ഇടവിള കൃഷിക്കും വളരെ പ്രാധാന്യമുണ്ട്. ആയതിനാൽ തന്നെ പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിൽ അനുപൂരക മേഖലയായ മൃഗസംരക്ഷണ മേഖലയ്ക്കും നല്ല സാധ്യത ഉള്ളതാണ്. മൃഗസംരക്ഷണ മേഖലയിൽ സജീവ സാന്നിധ്യമാകേണ്ട വെറ്ററിനറി ഡിസ്പൻസറി 1996 മുതൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നത് ഈ മേഖലയിലെ കർഷകർക്ക് സഹായകമാകുന്നതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട്, 2019-20 അന്തിമപദ്ധതി രേഖ എന്നിവ പ്രകാരം മൃഗപരിപാലനത്തിനുള്ള വർദ്ധിച്ച ചെലവ്, തീറ്റപുല്ലിനുള്ള ക്ഷാമം, പുതിയതരം രോഗങ്ങൾ എന്നിവ മൃഗസംരക്ഷണ മേഖലയിൽ നേരിടേണ്ടി വരുന്ന പ്രധാന പ്രശ്നങ്ങളാണ്. മൃഗങ്ങളുടെ ശാസ്ത്രീയമായ പരിപാലനം, ചികിത്സാരീതി, ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യം എന്നിവയ്ക്കായി കൂടുതൽ പ്രൊജക്ടുകൾ ഈ മേഖലയിൽ അനിവാര്യമാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ അവസ്ഥാവിശകലനം ഭാഗത്ത് മൃഗങ്ങളുടെ ലഭ്യതകുറവ് ഗുരുതര പ്രശ്നമാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി കറവപശു വിതരണത്തിനായി ക്ഷീരഗ്രാമം പദ്ധതി 2016-2017

മുതൽ 2019-20 വരെ നടപ്പാക്കിയത് പാലുല്പാദനം വർദ്ധിക്കുന്നതിനും ഒരളവു വരെ കന്നുകാലുകളുടെ ലഭ്യത ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഫാം എന്ന രീതിയിൽ 4ാം വാർഡിൽ ഒരു കോഴിഫാം മാത്രമാണ് പ്രവർത്തിക്കുന്നതെന്ന് വെറ്ററിനറി അധികൃതർ വാക്കാൽ അറിയിച്ചു. മാംസ ഉൽപാദനം - വിപണന രംഗത്ത് പഞ്ചായത്ത് ഇനിയും കൂടുതൽ സൗകര്യങ്ങൾ ആവിഷ്കരിക്കാനുണ്ടെന്ന് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം കാണുന്നു. പാൽ വിപണന രംഗത്ത് ആവള, ചെറുവണ്ണൂർ, മുയിപ്പോത്ത് എന്നീ ക്ഷീരസഹകരണ സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതിനാൽ പാൽ വിപണന സൗകര്യം ലഭ്യമാണ്. പശു, ആട് എന്നിവയുടെ എണ്ണത്തിൽ 2021-22 ആകുമ്പോഴേക്കും വർദ്ധന ലക്ഷ്യമിടുന്ന രീതിയിൽ വികസന പരിപ്രേക്ഷ്യം തയ്യാറാക്കിയിട്ടുണ്ട്. മികച്ചയിനം കറവപശുവിന്റെ വിതരണം, തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം, മരുന്നുകളുടെ ലഭ്യത, പശുക്കൾക്ക് ഇൻഷൂറൻസ്, തീറ്റപുൽകൃഷി, കന്നുകുട്ടി വിതരണം, കന്നുകുട്ടി പരിപാലനം എന്നിവ13ാം പഞ്ചവത്സരപദ്ധതിക്കാലത്തെ എല്ലാ വർഷങ്ങളിലെയും പ്രൊജക്ട് ആശയമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. എന്നാൽ 2019-20 അന്തിമ പദ്ധതി രേഖയിൽ ലക്ഷ്യമിടുന്ന തരത്തിൽ വേണ്ടത്ര പ്രൊജക്ടുകൾ ഈ മേഖലയിൽ തൻവർഷം ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല. പ്രത്യേക കന്നുകുട്ടി പരിപാലനത്തിനുള്ള പഞ്ചായത്ത് വിഹിതം അടവ്, മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, ആടുവളർത്തൽ എന്നീ മൂന്നു പദ്ധതികൾ മാത്രമാണ് തൻ വർഷം നടപ്പാക്കിയത്. മേൽ ചേർത്തതിൽ ആടുവിതരണ പദ്ധതി പ്രകാരം, പഞ്ചായത്തിനകത്തുനിന്നു തന്നെ ഗുണഭോക്താക്കൾ ആടുകളെ വാങ്ങിയതിനാൽ മൃഗങ്ങളുടെ എണ്ണക്കൂടുതൽ പ്രകാരം ഉൽപാദന വർദ്ധനവുണ്ടായെന്ന് കരുതാൻ കഴിയില്ല. മൃഗ സംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പ്രൊജക്ടുകളുടെ നിർവ്വഹണഘട്ടത്തിലും തുടർന്നും വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് നടന്നിട്ടില്ല. മൃഗസംരക്ഷണമേഖലയിൽ പഞ്ചായത്തിന്റെ സാധ്യതകളെ പരമാവധി ചൂഷണം ചെയ്യുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പു വരുത്തുന്നതിനുമുതകുന്ന കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യം നല്കേണ്ടതാണ്.

**<u>1-19 കന്നുകുട്ടി പരിപാലനം - വിനിയോഗവിവരം ലഭ്യമാക്കിയില്ല.</u>**

പ്രൊജ. നം. 23/20 കന്നുകുട്ടി പരിപാലനം പ്രൊജക്ട് പ്രകാരം കോഴിക്കോട് കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് കൈമാറിയ (ബിൽ നം. 2/15.102019) പഞ്ചായത്ത് വിഹിതം 150000/- രൂപയുടെ (24 കന്നുകുട്ടികൾക്ക് 6250 രൂപ വീതം) വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 150000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

**<u>1-20 എസ്.എസ്.എ പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല.</u>**

നിർവ്വഹണം - ഹെഡ് മാസ്റ്റർ,

പ്രൊജക്ട് നം. 35/20 പ്രകാരം, വികസന ഫണ്ട് (പൊതു) 200000/- രൂപയും (ബിൽ നം. 1/21.8.19 ) പ്രൊജക്ട് നം. 37/20 പ്രകാരം, വികസന ഫണ്ട് എസ്.സി.പി, 200000/- രൂപയും (ബിൽ നം. 2/21.8.19) അടക്കം ആകെ 4ലക്ഷം രൂപ എസ്.എസ്.എ. പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ. മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം, കായികം, യുവജനക്ഷേമ വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 1-21 എസ്.എസ്.എ പദ്ധതി - പട്ടികജാതി ഉപപദ്ധതി- പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി എസ്.സി.പി ഫണ്ട് വകയിരുത്തി എന്നതിന് വ്യക്തതയില്ല.

13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – സ.ഉ. (കൈ)നം.11/2018/തസ്വഭവ തീയ്യതി 29.1.2018 പ്രകാരം, ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്ന എസ്.എസ്.എ പ്രൊജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം പട്ടികജാതി , പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ എഎസ്.സി.പി ഫണ്ട് വകയിരുത്താൻ പാടുള്ളൂ. പ്രൊജക്ട് നം. 37/20 പ്രകാരം, 200000/- രൂപ വികസനഫണ്ട് (എസ്.സി.പി) വകയിരുത്തുന്നതിനും ചെലവഴിച്ചതിനും മേൽ നിർദ്ദേശം അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

## 1-22 സ്റ്റോക്ക് രജിസ്റ്റർ - കേരള ഫിനാൻഷ്യൽ കോഡ് വ്യവസ്ഥകൾക്ക് വിരുദ്ധമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നു

പഞ്ചായത്തിലേക്ക് വാങ്ങുന്ന സ്റ്റോറുകൾ സംബന്ധിച്ച് രേഖപ്പെടുത്തിയ ജനറൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. ഇലക്ട്രോണിക് സാധനങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി സാധനങ്ങൾ, രജിസ്റ്ററുകൾ, ഫോറങ്ങൾ, നോട്ടീസുകൾ തുടങ്ങി ചെറുതും വലുതുമായ മുഴുവൻ സ്റ്റോറുകളും തീയ്യതി ക്രമത്തിൽ തുടർച്ചയായി രേഖപ്പെടുത്തിയ അവസ്ഥയിലാണ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല, സ്റ്റോറുകൾ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾപ്പെടുത്തുന്നതായും കാണുന്നില്ല. ഇത് സ്റ്റോക്ക് അക്കൗണ്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്കും ബന്ധപ്പെട്ട സർക്കുലർ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. കെ.ഫ്.സി ആർട്ടിക്കിൾ 150 പ്രകാരം (1) അസംസ്കൃത വസ്തുക്കൾ, വിലകുറഞ്ഞ സ്റ്റോറുകൾ, (2) ഓഫീസ് ഫർണിച്ചറുകൾ, (3) പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. സർക്കാർ സർക്കുലർ നം. 86/2010/ഫിൻ തീയ്യതി 24.9.2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട സ്റ്റോറുകൾ ഇനം തിരിച്ച് പ്രത്യേക പേജുകളിൽ രേഖപ്പെടുത്താത്തതിനാൽ അത്തരം സ്റ്റോറുകളെ സംബന്ധിച്ച സമഗ്രമായ വിവരം നിലവിലുള്ള രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. മാത്രമല്ല സ്റ്റോറുകളുടെ സ്പെസിഫിക്കേഷനുകൾ, മറ്റ് അടിസ്ഥാന വിവരങ്ങൾ മുതലായവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഉദാ.- പ്രൊജക്ട് നം 106/20 പ്രകാരം വാങ്ങിയ 4 കമ്പ്യൂട്ടറുകളെ സംബന്ധിച്ച വിവരം (പേജ് 168).

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിലെ പൊതുന്യൂനതകൾ

1.പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

2.കാഷ്ബുക്ക് - സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി ക്ലോസുചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.

3.പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

4.പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

5.ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ ഓരോ വർഷവും തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ റോഡ് റോഡിതര ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മുൻഗണന നൽകി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹിക്കുന്ന രീതി നടപ്പാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/20.03.21-ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ചെലവഴിച്ചു :

പതിമൂന്നാം പദ്ധതിയിലെ അവശേഷിക്കുന്ന വർഷങ്ങളിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് (സ.ഉ(കൈ)നം.11/2018/ തസ്വഭവ, തിരു., തീയതി: 29-01-2018) തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗ്, കലുങ്ക് പോലെയുള്ള ആസ്തികളുടെ നിർമ്മാണത്തിന് പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കരുതെന്ന് മുൻ വർഷത്തെ പദ്ധതി രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി പ്രത്യേകിച്ച് റിക്വസ്റ്റ് ചെയ്യേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനവും എടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരത്തിൽ യാതൊരു റിക്വസ്റ്റും തീരുമാനവും ഇല്ലാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

| പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക | ബിൽ നം., തീയതി |
|---|---|---|---|
| 58/20 | കുതിരപ്പെട്ടിമുക്ക്-കണ്ണമ്പത്ത് കണ്ടി മുക്ക് റോഡ് | 73425/- | 30/20; 05.03.20 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7/20.03.21-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-25 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വണം നടത്തിയ പ്രോജക്ടുകളിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1-25-1 വീട് റിപ്പയർ-എസ്.സി.പി-മുഴുവൻ രേഖകളും ഹാജരാക്കിയില്ല

പ്രോജക്റ്റ് നം-119/19-20

അടങ്കൽ 1050000/-(എസ്സ്.സി.പി-1050000/-)

ചെലവ്- 900000/-(ബിൽ നം-2/19-20 തി-7/05/2019-525000/-

ബിൽ നം-5/19-20 തി-24./08/2019-225000/-

ബിൽ നം-7/19-20 തി-31/10/2019-75000/-

ബിൽ നം-14/19-20 തി-17/12/2020-75000/-)

8 ഗുണഭോക്താക്കളെയാണ് വീട് റിപ്പയർ പ്രോജക്റ്റിന് വേണ്ടി തെരഞ്ഞെടുത്തിരുന്നത്. സ.ഉ.(കൈ) നം 22/2018 ത.സ്വ.ഭ.വ. തിയ്യതി-14.02.2018 ഖണ്ഡിക 6.7 ക്രമ നം-6 പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 150000/- രൂപയാണ്.മേൽ ഉത്തരവ് പ്രകാരം വീട് നിർമ്മാണം പൂർത്തീകരിച്ച് 8 വർഷം കഴിഞ്ഞവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ നൽകിയ വാലേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കാവുന്നതാണ്. എന്നാൽ ആനുകൂല്യം അനുവദിച്ച 8 ഗുണഭോക്താക്കളിൽ 1 ഗുണഭോക്താവ് മാത്രമാണ് കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ ശ്രീ. അരിയൻ, അരീക്കുഴിമീത്തൽ എന്നയാൾ അഡ്വാൻസായി 75000/- രൂപ കൈപ്പറ്റി എങ്കിലും വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-25-2 ലൈഫ് ഭവനപദ്ധതി-അഡ്വാൻസ് കൈപ്പറ്റി വീട് നിർമ്മാണം ആരംഭിച്ചില്ല.

പ്രോജക്റ്റ് നം-28/19-20

അടങ്കൽ-24674100/-

ചെലവ്-8003900/-

ലൈഫ് ഭവന നിർമ്മാണത്തിന് 75 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 47 പേർ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ 2 ഗുണഭോക്താക്കൾ അഡ്വാൻസായി 40000/- രൂപ വീതം കൈപ്പറ്റി എങ്കിലും വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക | ചെക്ക് നം/തിയ്യതി |
|---|---|---|---|
| 1 | ഇബ്രാഹിം,ഫാത്തിമ കോട്ടയുള്ളപറമ്പിൽ വാർഡ് നം-8 | 40000/- | 323288/18.08.2019 |
| 2 | സുധ പടിഞ്ഞാറയിൽ വാർഡ് നം-5 | 40000/- | 1731076/25.02.2020 |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25-3 ഫയലുകൾ ഹാജരാക്കിയില്ല.

2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധരേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/പ്രോജക്റ്റ് | ചെലവ് തുക |
|---|---|---|
| 1 | 15/19-20.ഹരിത സഹായ സ്ഥാപനത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 136914/- |
| 2 | 22/19-20.ഭവനപുനരുദ്ധാരണം എസ്സ്.സി.പി | 525000/- |
| 3 | 83/19-20.ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 1155500/- |
| | | |

| | | |
|---|---|---|
| 4 | 129/19-20.ലൈഫ് ഭവനപദ്ധതി-പൊതുവിഭാഗം | 100000/- |
| 5 | 130/19-20.ലൈഫ് ഭവനപദ്ധതി-എസ്സ്.സി.പി | 251500/- |
| 6 | 165/19-20.ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 46400/- |
| 7 | 180/19-20.കലക്ട്രേഴ്സ് അറ്റ് സ്കൂൾ | 36720/- |
| ആകെ തുക | | 2252034/- |

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2252034/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-26 കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി.എസ്.ടി. ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് 2% ജി എസ് ടി ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി.എസ്.ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി.എസ്.ടി. ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൻവോയ്സുകൾ ഇല്ലാതെ തന്നെ ജി.എസ്.ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ജി.എസ്.ടി. ഇൻവോയിസ് ലഭ്യമാക്കി നികുതി ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8/20.03.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൻവോയിസുകൾ കരാറുകരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-27 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP/1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട

പക്ഷം അവ നടപ്പിലാക്കി വിവരം അറിയിക്കുന്നതിനോടൊപ്പം അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9/20.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-28 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 58/20 | കുതിരപ്പെട്ടിമുക്ക്-കണ്ണമ്പത്ത് കണ്ടി മുക്ക് റോഡ് | 300000/- | 73425/- |
| 122/20 | കല്ലിൽ മീത്തൽ കോളനി റോഡ് | 340139/- | 340139/- |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവർത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.10/20.03.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-29 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നുംഗ്രാമ പഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല

2019-20 സാമ്പത്തിക വർഷംവരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ

ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ഈ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം വരെ ലഭിക്കുവാനുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, ആയതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11/22.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 സ്പിൽഓവർ പദ്ധതികൾ തൻവർഷം പൂർത്തീകരിക്കുന്നില്ല

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|---|
| 1 | 133/20 | അംഗണവാടി നവീകരണം | 500000 |
| 2 | 138/20 | മുയിപ്പോത്ത് സാംസ്കാരിക നിലയം കെട്ടിടം നവീകരണം | 100000 |
| 3 | 139/20 | പി.എച്ച്.സി കെട്ടിടം | 460000 |
| 4 | 140/20 | ജി.എം.എൽ.പി സ്കൂൾ നിർമ്മാണം | 700000 |
| 5 | 142/20 | ഹോമിയോ ആശുപത്രി കെട്ടിടം റിപ്പയർ | 200000 |
| 6 | 159/20 | അരീക്കുഴി കുന്നത്ത്താഴ റോഡ് റീടാറിംഗ് | 665000 |
| 7 | 163/20 | പഞ്ചായത്ത് ഓഫീസ് രണ്ടാം നില നവീകപണം | 475000 |

മേൽ പദ്ധതികൾ പൂർത്തിയാക്കാത്തതു കാരണം തൻ വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 3100000 രൂപ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

സ്പിൽഓവർ ആയ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/22.03.2021-ന് മറുപടി നൽകിയിട്ടില്ല. ആപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-31 റോഡ് നിർമാണപ്രവൃത്തികൾ -കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ടു ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർ.ടി.) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷികപദ്ധതി പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ ടാർ ബില്ലുകൾ ഫയലിൽ ഇല്ല. ആകയാൽ ബിറ്റുമിൻ വാങ്ങലിന്റെയും അതിന്റെ ഉപയോഗത്തിന്റെയും ആധികാരികത ഉറപ്പാക്കാനായിട്ടില്ല

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.13/22.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. ബിറ്റുമിൻ ബില്ലുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-32 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്സ് ചാർജ്ജും

10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്.

സ്റ്റാൻേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണ്. ഓവർ ഹെഡ്സ് ചാർജ്ജ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ) <u>വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ്ജ് ചെറിയ പ്രവർത്തികൾക്കും നൽകുന്നു</u>

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്.

ബി) <u>ജി.എസ്.ടി പരിഹാരതുക ഒരിക്കൽ ഉൾപ്പടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു :</u>

ധനകാര്യ വകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം

എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.ടി. ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, ഭരണാനുമതി ലഭ്യമാക്കേണ്ടത് വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമെ, ബാധകമായ ജി.എസ്.ടി. യുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ്. അതിൻ പ്രകാരം ജി.എസ്.ടി.ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019ലെ ഡി.83/9058/2017/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.ടി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ ജി.എസ്.ടി.) / ടേൺ ഓവർ ടാക്സ് ചെലവിന് വേണ്ടി ഒരിക്കൽ നീക്കി വെച്ചതിന് ശേഷം അതേ ചെലവിന് വേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി. ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നൽകലാണ്. അനവധി പദ്ധതികൾ നടപ്പാക്കുന്നതിനാൽ ഗണ്യമായ തുകയുടെ നഷ്ടമാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്.
അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14/22.03.2021-ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-33 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നില്ല

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച 77 മരാമത്ത് പ്രവൃത്തികളിൽ 38 എണ്ണമാണ് നടപ്പാക്കിയത്. ബാക്കി 39 എണ്ണം ഓഡിറ്റ് വർഷം ചെലവ് ഇല്ലാത്തതാണ്. ആകെ 35 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ഇതിൽ 7 പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ഓഡിറ്റ് വർഷം വകയിരുത്തിയ ആകെ തുക 29967198/- രൂപയാണ്. ഇതിൽ 10947804/- രൂപ മാത്രമാണ് ചെലവഴിച്ചത്. ആകെ ചെലവ് 36.5% മാത്രം.

ടെണ്ടർ ചെയ്ത മിക്ക പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിലും മേൽപ്പറഞ്ഞ രീതിയിൽ രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വോട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സംയോജിത ഇടപെടൽ നടത്തേണ്ടതും ജാഗ്രത പുലർത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 18.03.2021, 19.03.2021 | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 200000 |
| | 2019-20 | 500000 | നെൽകൃഷി കൂലി ചെലവ് | 0 | 500000 |
| | 2019-20 | 325000 | ലൈഫ് ഭവന നിർമ്മാണം | 325000 | 0 |
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 0 | 1000000 |
| | 2019-20 | 175000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 175000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 377425/- രൂപ നല്കിയിട്ടുണ്ട്.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം | തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | കണ്ണങ്കോട്ട്-അന്നച്ചാൽ മുക്ക് റോഡ് | 19160652025 600869081 | 69750 | 0 | 69750 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | കുതിരപ്പെട്ടി മുക്ക് -കണ്ണമ്പത്ത് കണ്ടി മുക്ക് റോഡ് | 191606520 256008 69059 | 73425 | 0 | 73425 |
| 3 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | പെരിങ്ങളത്ത് പൊയിൽ അങ്കണവാടി നവീകരണം | 191606520 256008 69055 | 37500 | 0 | 37500 |
| 4 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | വീവേഴ്സ് സൊസൈറ്റി അങ്കണവാടി നവീകരണം 19160652025 | 191606520 256008 69075 | 34250 | 0 | 34250 |
| 5 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | തടത്തിൽമുക്ക് അങ്കണവാടി നവീകരണം | 191606520 256008 6907 | 12500 | 0 | 12500 |
| 6 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | വട്ടക്കുനി അങ്കണവാടി നവീകരണം | 191606520 256008 69071 | 25000 | 0 | 25000 |
| 7 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | തവരത്ത് കുന്ന് അങ്കണവാടി ചുറ്റുമതിൽ | 191606520 256008 69066 | 25000 | 0 | 25000 |
| 8 | രാവറ്റമംഗലം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | പൂളക്കൂൽ മുക്ക് രയരോത്ത് കുന്ന് റോഡ് | 191606520 256008 69038 | 100000 | 0 | 100000 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പയിനത്തിൽ 160000/- രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 646/2010 തസ്വഭവ തി-25.02.2010 | | 1224123 | | 1224123 | - | 0 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | | 6283880 | 160000 | 823530 | | 5620350 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | ലഭ്യമായില്ല | 10,000 | |
| | ആകെ | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6683/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-00 | 21 | 2000 | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 119010105263/ 21.01.2020 |
| 2000-01 | 3-6 | 2768 | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 119010104973/ 23.02.2019 |
| 2002-03 | 2-5 | 1000 | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 11901004807/ 11.12.2019 |
| 2003-04 | 3-2 | 268 | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 119010101808/ 11.12.2019 |
| 2003-04 | 3-12 | 647 | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 119010104809/ 11.12.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2003-04 | 11.13.1.23 | ഓട്ടോ ഡ്രൈവിംഗ് പരിശീലനം | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 1999-00 | | 2004-05 | 11.1.3.13 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് അഴുക്കുചാൽ | |
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | |
| 2000-01 | | 2004-05 | 11.1.3.45 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 5 | 2004-05 | 11.1.4.5 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2000-01 | | 2005-06 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| 2001-02 | 3-1 | 2005-06 | 2.70.1.7.1 | RMF ഔദ്യോഗിക രശീതി ഇല്ല | |
| 2000-01 | ഭാഗം-1 | 2005-06 | 2.70.1.11.2 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | പരാമർശം ഒഴിവാക്കാൻ സമിതി |

| | | | | | |
|---|---|---|---|---|---|
| | | | | | ശുപാർശ ചെയ്തു |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണി ക്കാനിരിക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം- 5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ചു | |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 8869308/- |
| ഓഡിറ്റ് വർഷത്തെ വരവ് | 62837540/- |
| ആകെ | 71706848/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 57955398/- |
| നീക്കിയിരിപ്പ് | 13751450/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2802034/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 150000/- | ഡോ. റസീന മന്നത്ത്<br>വെറ്ററിനറി സർജൻ |
| 1-20 | 400000/- | ശ്രീ. രാജൻ എൻ<br>ഹെഡ്മാസ്റ്റർ |
| 1-25-3 | 2252034/- | ശ്രീ. വിശ്വൻ ഉണ്ണുമ്മൽ .വി.ഇ.ഒ |
| **ആകെ** | 2802034/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റസീന മന്നത്ത് വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി നൊച്ചാട് | മന്നത്ത് വീട്, മേപ്പയ്യൂർ 673524 |
| ശ്രീ.രാജൻ എൻ ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ജി.എം.എൽ.പി സ്കൂൾ ആവള-കുട്ടോത്ത് | നമ്പിയത്ത് വീട്, മേപ്പയ്യൂർ 673524 |
| ശ്രീ.വിശ്വൻ ഉഞ്ഞുമ്മൽ വി.ഇ.ഒ | വി.ഇ.ഒ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | വിശ്വൻ ഉഞ്ഞുമ്മൽ ഉഞ്ഞുമ്മൽ മേഞ്ഞാണ്യം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ കെ.കെ.ഡി. പി9/1028/2020(1) തി.12.01.2021 | 12 | 19,20,21,22,23, 25,26,27,28,29, 30,32 |
| 1997-98 | കെ.എസ്.എ കെ.കെ.ഡി. പി9/1028/2020(2) തി.12.01.2021 | 1 | 10 |
| 1998-99 | കെ.എസ്.എ കെ.കെ.ഡി പി9/1028/2020(3) തി.12.01.2021 | 7 | 14,15,16,22,23, 25,28 |
| 1999-00 | കെ.എസ്.എ കെ.കെ.ഡി. | 10 | 26,27,28,31,32, 35,36,38,39,40 |

| | | | |
|---|---|---|---|
| | പി9/1028/2020(4)<br>തി.12.01.2021 | | |
| 2000-01(ഡി.സി.ബി) | കെ.എസ്.എ<br>കെ.കെ.ഡി.<br>പി9/1028/2020(5)<br>തി.12.01.2021 | റിപ്പോർട്ട് തീർപ്പാക്കി | |
| 2001-02(ഡി.സി.ബി) | കെ.എസ്.എ<br>കെ.കെ.ഡി.<br>പി9/1028/2020(6)<br>തി.12.01.2021 | റിപ്പോർട്ട് തീർപ്പാക്കി | |
| 2002-03 | കെ.എസ്.എ<br>കെ.കെ.ഡി.<br>പി9/1028/2020(7)<br>തി.12.01.2021 | 8 | 2-3,2-7,2-11,2-15,<br>2-22,2-24,2-25,<br>2-26 |
| 2003-04 | കെ.എസ്.എ<br>കെ.കെ.ഡി.<br>പി9/1028/2020(8)<br>തി.12.01.2021 | 4 | 3-1,3-6,3-7,3-11 |
| 2004-05 | കെ.എസ്.എ.<br>കെ.കെ.ഡി.<br>പി9/1028/2020(9)<br>തി.12.01.2021 | 3 | 3-5,3-8,3-11 |
| 2005-06 | എൽ.എഫ്<br>പി4/1218/08<br>തി.5.01.2009 | 19 | 2-1,2-2,2-3,2-4,<br>2-5,2-6,2-7,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,<br>3-10,3-11,3-12 |
| 2006-07 | എൽ.എഫ്.<br>പി4/746/12<br>തി.11.06.2012 | 20 | 1-5,1-7,2-2,3-1,<br>3-3,3-4,3-5,3-6,<br>3-7,3-8,3-9,3-11,<br>3-12,3-13,3-14,<br>3-15,3-18,3-19,<br>3-20,3-21 |
| 2007-08 | എൽ.എഫ്. | 20 | 2-1,2-2,2-3,2- |

| | | | |
|---|---|---|---|
| | കെ.കെ.ഡി.<br>പി4/114/15<br>തി.31.03.2015 | | 4,<br>2-5,3-3,3-4,3-5,<br>3-6,3-7,3-8,3-9,<br>3-10,3-13,3-16,<br>3-18,3-19,3-20,<br>3-21,3-22 |
| 2008-09 | എൽ.എഫ്.<br>കെ.കെ.ഡി.<br>പി4/749/12<br>തി.25.07.2021 | 14 | 2-2,3-1,3-2,3-6,<br>3-7(1),3-11,3-13,<br>3-15,3-16,3-17,<br>3-19,3-20,3-21 |
| 2009-10 | എൽ.എഫ്.<br>കെ.കെ.ഡി.<br>പി4/749/12<br>തി. 30.07.2021 | 30 | 1-1 മുതൽ 1-6 വരെ<br>,2-1 മുതൽ 2-7 വരെ,<br>3-1,3-1(2),<br>3-6,3-8,3-9,3-10,<br>3-11,3-12,3-13,3-14,<br>3-15,3-18,3-19,<br>3-20,3-22,3-23,<br>4-3,4-7 |
| 2010-11&2011-12 | എൽ.എഫ്.<br>കെ.കെ.ഡി.<br>പി4/11/13<br>തി.21.08.2013 | 22 | 1-1,2-3,2-4,3-1 മുതൽ 3-17 വരെ,<br>3-20,3-21 |
| 2012-13 | കെ.എസ്.എ<br>കെ.കെ.ഡി.<br>പി4/906/2017<br>തി.08.05.2017 | 22 | 1-2,1-3,2-1 മുതൽ<br>2-4 വരെ,3-1,3-2,<br>3-4,3-5,3-7,3-9,<br>3-10,3-11,3-12,<br>3-13,3-14,3-15,<br>4-1,4-2,4-4 |
| 2013-14&2014-15 | കെ.എസ്.എ.<br>കെ.കെ.ഡി. | 22 | 1-3,2-1,3-1,3-3,<br>3-4,3-5,3-6,3-7, |

| | | | |
|---|---|---|---|
| | പി4/1209/2017 തി.16.05.2017 | | 3-8,3-9,3-10,3-11, 3-12,3-13,3-14, 3-15,3-16,3-17, 3-18,3-19 ,3-20,3-21 |
| 2015-16 | കെ.എസ്.എ കെ.കെ.ഡി. പി4/2075/2016 തി.30.11.2016 | 23 | 2-1 മുതൽ 2-5 വരെ,3-1,3-2,3-5 മുതൽ 3-21 വരെ |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി. പി4/38/2018 തി.28.02.2018 | 18 | 2-1,2-4,2-5,2-6, 2-7,2-8,2-9,2-10, 3-1,3-2,3-5,3-8, 3-9,3-10,3-11, 3-12,3-13,3-14 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി. പി4/843/2019 തീയതി : 26.07.2019 | 33 | 1-12(2), 1-12(3), 1-12(4), 1-12(5), 1-12(6), 1-12(8), 1-12(9), 1-12(10), 1-12(11), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15(1), 3-15(3), 3-17, 3-18, 3-19, 3-20, 3-21, 4-3 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി. പി4/1042/2020 തി.4.11.2020 | 6 | 1-11,1-13,1-14, 1-16,1-17,1-20 |

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്